1854
16/2/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ക്ഷേമസ്ഥാപനങ്ങൾക്കുള്ള മാനേജ്മെന്റ് മാന്വൽ പ്രിന്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ. (സാധാ) നം.86/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 13.02.2015.

==========================================================================

പരാമർശം:- 1. ജി.ഒ (ആർ.റ്റി) 501/2014/SJD തീയതി 08.08.2014.

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 09.10.2014-ലെ ആർ&ഡി-6271/14 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ക്ഷേമസ്ഥാപനങ്ങളുടെ നടത്തിപ്പിനും ഭരണ നിർവ്വഹണത്തിനുവേണ്ടിയും തയ്യാറാക്കിയ മാനേജ്മെന്റ് മാന്വലിന് പരാമർശത്തിലെ ഉത്തരവു പ്രകാരം അംഗീകാരം നൽകിയിരുന്നു. മാന്വലിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി മാന്വലിന്റെ പ്രതികൾ അടിയന്തിരമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകേണ്ടതിനാൽ മാനേജ്മെന്റ് മാന്വലിന്റെ 500 പ്രതികൾ തിരുവനന്തപുരം വി.റ്റി.സി-യെ ഏൽപ്പിച്ച് പ്രിന്റ് ചെയ്യുന്നതിനും ആയതിനു വേണ്ടി വരുന്ന 93,468/- രൂപ 2235-02-001-96 (പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകണമെന്നും പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ഷേമസ്ഥാപനങ്ങൾക്കുള്ള മാനേജ്മെന്റ് മാന്വലിന്റെ 500 പ്രതികൾ പ്രിന്റ് ചെയ്യുന്നതിന് 2235-02-001-96 (പി) ശീർഷകത്തിൽ നിന്നും 93,468/- രൂപ (തൊണ്ണൂറ്റി മൂന്നായിരത്തി നാന്നൂറ്റി അറുപത്തിയെട്ട് രൂപാ മാത്രം) വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2. മെമ്പർ സക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ്ഭവൻ, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
6. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ